# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെട്ടിക്കവല ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P11/1989/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 29/03/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെട്ടിക്കവല ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെട്ടിക്കവല ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെട്ടിക്കവല ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-11 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P11/1989/22 തീയ്യതി: 29/03/2023

## കൊല്ലം ജില്ലയിലെ വെട്ടിക്കവല ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ വെട്ടിക്കവല ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2022 മുതൽ 11-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.അമ്പിളി.എം.ഡി | ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ) | 12-10-2022 | 20-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 12-10-2022 | 20-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ഐസക് ജോൺ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി.സിജാറാണി.എസ്, ഓഡിറ്റ് ഓഫീസർ
ശ്രീ.അനീഷ്.വി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.രാകേഷ്.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.ഡി.സജയകമാർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.എം.ജ്യോതിരാജ് | സെക്രട്ടറി | 01-04-2021 | 12-04-2021 |
| ശ്രീമതി.ബിന്ദു.ആർ | സെക്രട്ടറി | 13-04-2021 | 28-09-2021 |
| ശ്രീ.രമേഷ്കമാർ.പി,അസിസ്റ്റന്റ് സെക്രട്ടറി | സെക്രട്ടറിയുടെ ചുമതല | 28-09-2021 | 18-10-2021 |
| ശ്രീ.എസ്.എൽ.അജിത്ത് | സെക്രട്ടറി | 18-10-2021 | 25-10-2021 |
| ശ്രീമതി.രശ്മി എസ് | സെക്രട്ടറി | 26-10-2021 | 31-03-2022 |
| ശ്രീ.രമേഷ്കമാർ.പി | അസി.സെക്രട്ടറി | 01-04-2021 | 01-11-2021 |
| ശ്രീമതി.സതി.ഒ.എസ് | അസി.സെക്രട്ടറി | 01-11-2021 | 24-11-2021 |
| ശ്രീ.വേണു.ബി | അസി.സെക്രട്ടറി | 24-11-2021 | 31-03-2022 |
| ഡോ.സന്തോഷ്കമാർ.കെ.ആർ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ,ഡാറോൺ ജോസഫ് | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി.സോണിയ.റ്റി.എൻ | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ.ജോഷിൻ ജോസ് | അക്രഡിറ്റഡ് എൻജിനീയർ,MGNREGS | 01-04-2021 | 31-03-2022 |
| ശ്രീ.അനീഷ്.ആർ.ചന്ദ്രൻ | വി.ഇ.ഒ.-ചക്കുവരയ്ക്കൽ | 01-04-2021 | 24-10-2021 |
| ശ്രീ.ദീപു.റ്റി | വി.ഇ.ഒ.-ചക്കുവരയ്ക്കൽ | 25-10-2021 | 31-03-2022 |
| ശ്രീമതി.അഞ്ജു | വി.ഇ.ഒ.-വെട്ടിക്കവല | 01-04-2021 | 24-08-2021 |
| ശ്രീ.അനീഷ്.ആർ.ചന്ദ്രൻ | വി.ഇ.ഒ.-വെട്ടിക്കവല-അധിക ചുമതല | 24-08-2021 | 28-09-2021 |
| ശ്രീമതി സ്മിത.ആർ.നായർ | വി.ഇ.ഒ.-വെട്ടിക്കവല | 29-09-2021 | 31-03-2022 |
| ശ്രീ.സുധീഷ്കമാർ | ഡയറി ഫാം ഇൻസ്പെക്ടർ | 01-04-2021 | 01-07-2021 |
| ശ്രീ.വർഗ്ഗീസ് മൈക്കിൾ | ഡയറി ഫാം ഇൻസ്പെക്ടർ | 01-07-2021 | 31-03-2022 |
| ശ്രീമതി.ഷീജ.പി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2021 | 23-11-2021 |
| ശ്രീമതി.സിന്ധു.ആർ | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 24-11-2021 | 31-03-2022 |
| ശ്രീമതി.മഞ്ജു | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2021 | 31-08-2021 |
| ശ്രീമതി.താര.ജെ.ജെ | ഫിഷറീസ് ഇൻസ്പെക്ടർ | 01-09-2021 | 31-03-2022 |
| ശ്രീമതി.ലിസിക്കുട്ടി.എം | ഹെഡ്മാസ്റ്റർ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീമതി.രശ്മി.എം.റ്റി | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പ**ർ** |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക കണക്കിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 5 | ഫണ്ട് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമ പദ്ധതികൾ | 1-7 |
| 9 | ക്യാഷ് പരിശോധന | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | ആംബുലൻസ് വരവ് കൃത്യമായി ഒടുക്കുന്നില്ല. രസീത് മുഖേന പിരിച്ച 94,769/-രൂപ ഒടുക്കുവരുത്താൻ അവശേഷിക്കുന്നു. | 1-11 |
| 13 | ലേലം - കൈകൊണ്ട വ്യക്തിക**ൾ** തുക പൂ**ർ**ണമായും ഒടുക്കുന്നില്ല. | 1-12 |
| 14 | സ്ഥാപന തൊഴി**ൽ** നികുതി ഈടാക്കാ**ൻ** അവശേഷിക്കുന്നു. | 1-13 |
| 15 | തൊഴി**ൽ** നികുതി പൂ**ർ**ണമായും ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല. | 1-14 |
| 16 | 2021-22 സാമ്പത്തിക വർഷം വിവിധ മരുന്നു വാങ്ങൽ പദ്ധതികൾക്ക് ചെലവഴിച്ച തുകയിൽ ₹1,29,416/-രൂപയുടെ മരുന്ന്/ഉപകരണങ്ങൾ ലഭിച്ചില്ല - ചെലവ് തടസ്സപ്പെടുത്തുന്നു. | 1-15 |
| 17 | മുൻകൂറായി തുക ഒടുക്കിയിട്ടും മരുന്നുകൾ ലഭിക്കാനവശേഷിക്കുന്നു - ചെലവ് തടസ്സം. | 1-16 |
| 18 | ഒരേ തൊഴിലാളിക**ൾ** തന്നെ ഒരേ ദിവസത്തി**ൽ** രണ്ടുതരം പ്രവൃത്തികളും ചെയ്തതായി ഹാജ**ർ** രേഖപ്പെടുത്തി തുക അനുവദിച്ചു. | 1-17 |
| 19 | ഇടപാടുകൾ ഇല്ലാത്ത അക്കൗണ്ടുകൾ ബാങ്കുകൾ മരവിപ്പിച്ചു തുക മാറ്റിയത് തിരികെ ഈടാക്കിയിട്ടില്ല. | 1-18 |
| 20 | നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാർ വച്ചില്ല - കാലതാമസത്തിനുള്ള പിഴ ഈടാക്കിയില്ല - 4,476/-രൂപ. | 1-19 |
| 21 | പ്രോജക്ട് നമ്പർ - 221/22 - ആർ.ട്രാക്ക് മാപ്പിംഗ് - ചെലവ് രേഖകൾ ഹാജരാക്കിയില്ല - തടസ്സപ്പെടുത്തുന്ന തുക- 30,000/-രൂപ | 1-20 |
| 22 | എസ്.എസ്.കെ. വിഹിതം നൽകൽ - തുകയുടെ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല - തടസ്സപ്പെടുത്തുന്ന തുക- 11,00,000/-രൂപ | 1-21 |

| | | |
|---|---|---|
| 23 | ഇ-ടെണ്ടർ ഫാറവില തിരികെ ഈടാക്കിയില്ല - 35,342/-രൂപ. | 1-22 |
| 24 | നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 1-23 |
| 25 | ധനകാര്യ കമ്മീഷൻ - റൈറ്റഡ് ഫണ്ടിൽ നിന്നും ബേസിക് ഗ്രാന്റിനത്തിലുള്ള ചെലവ് നടത്തി. | 1-24 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ഒരേ തൊഴിലാളികൾ തന്നെ ഒരേ ദിവസത്തിൽ രണ്ടുതരം പ്രവൃത്തികളും ചെയ്തതായി ഹാജർ രേഖപ്പെടുത്തി തുക അനുവദിച്ചു. 5,950/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധപത്രികകൾ | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

20-02-2021 തീയതിയിലെ 1/1 തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 26-03-2022 തീയതിയിലെ 1/2 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2022 | 07-06-2022 | - | - |

## 1-2-1 വാർഷിക കണക്കിലെ അപാകതകൾ

2021-22 സാമ്പത്തിക വർഷത്തിലെ വാർഷിക ധനകാര്യപത്രിക അനുബന്ധ രജിസ്റ്ററുകളും ബാങ്ക് സ്റ്റേറ്റ്മെന്റുകളുമായി പരിശോധിച്ചതിൽ ചുവടെ സൂചിപ്പിക്കുന്ന അപാകതകൾ കാണുന്നു.

1) TSC-ഫണ്ട് ക്രഡിറ്റ് ചെയ്യുന്ന ഇൻഡ്യൻ ബാങ്ക് അക്കൗണ്ട് നം - 506434831-ൽ 01-04-2021 ൽ മുന്നിരിപ്പ് 48,20,050/-രൂപയാണ്. എന്നാൽ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക 47,00,632/-രൂപയാണ്. ബാങ്ക് പൊരുത്തപ്പെടുത്തൽ പത്രിക പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2) വികസന ഫണ്ട് (എസ്.സി.പി), സംരക്ഷണ ഗ്രാന്റ് (റോഡിതരം) എന്നീ ഫണ്ടുകളുടെ എ.സി.ആർ ചെലവ് തുക വാർഷിക ധനകാര്യ പത്രികയിൽ RP-7 പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുമായി പൊരുത്തപ്പെടുന്നില്ല, വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | AFS പ്രകാരം | ACR പ്രകാരം | അഭിപ്രായം |
|---|---|---|---|
| വികസനഫണ്ട് (എസ്.സി.പി) | 1,27,02,016/- | 1,27,75,816/- | പ്രോ.നം-255/22- എസ്.സി വനിതകൾക്ക് മുട്ടക്കോഴി കുഞ്ഞുങ്ങളെ വിതരണം നടത്തുന്നതിനായി ചെലവഴിച്ച 73,800/-രൂപ വാർഷിക കണക്കിൽ ഉൾപ്പെട്ട് വന്നിട്ടില്ല. |
| മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) | 52,13,198/- | 55,05,076/- | പ്രോ.നം-19/22 – അങ്കണവാടി നിർമ്മാണത്തിനായി ചെലവഴിച്ച 2,91,878/-രൂപയുടെ ചെലവ് വാർഷികകണക്കിൽ ഉൾപ്പെട്ട് വന്നിട്ടില്ല. |

3) തൊഴിലില്ലായ്മ വേതനമിനത്തിൽ തൻവർഷം നടത്തിയ 69,840/- രൂപയുടേയും പെൺകുട്ടികളുടെ വിവാഹധനസഹായമിനത്തിൽ നടത്തിയ 2,70,000/-രൂപയുടേയും വരവ് ചെലവ് വിവരം വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ട് വന്നിട്ടില്ല.

4) സെക്രട്ടറിയുടെ ട്രഷറി ബിൽ ബുക്ക് പ്രകാരം ശുചിത്വ മിഷൻ ഗ്രാന്റായി 2,10,000/-രൂപ 02/12/2021 ൽ വരവുണ്ട്. എന്നാൽ ടി വരവ് വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

5) അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റായി (അൺറ്റൈഡ്) 41,94,000/-രൂപ ബാങ്കിലും 11,16,685/-രൂപ തൻവർഷത്തിൽ ട്രഷറിയിൽ നിന്നും നേരിട്ട് പിൻവലിക്കുന്നതിനുമായി അനുവദിച്ചിട്ടുണ്ട്. വാർഷിക ധനകാര്യ പത്രിക RP-7 പത്രിക പ്രകാരം 10,73,071/-രൂപ തൻവർഷം ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. ടി തുകയിൽ തന്നെ 43,614/-രൂപ നീക്കിയിരിപ്പ് വരേണ്ടതുണ്ട്. എന്നാൽ എ.സി.ആറിൽ 3,78,028/-രൂപയും വാർഷിക ധനകാര്യ പത്രിക ബാലൻസ് ഷീറ്റിൽ (B-4 പത്രിക) – 2,87,739/-രൂപയും നീക്കിയിരിപ്പ് വന്നിരിക്കുന്നു.

6) TSC വരവ് തുക വാർഷിക ധനകാര്യ പത്രിക പ്രകാരം (RP-31) 3,38,442/-രൂപയാണ്. എന്നാൽ ഇൻഡ്യൻ ബാങ്ക് അക്കൗണ്ട് നം - 506434831-ൽ തൻവർഷം ക്രഡിറ്റ് ആയിരിക്കുന്ന തുക 1,62,277/-രൂപ മാത്രമാണ്. ബാലൻസ് തുകയുടെ ക്രഡിറ്റ് വിവരം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

7) എസ്.എസ്.എ, ഐ.സി.ഡി.എസ്, സാക്ഷരത എന്നീ ഫണ്ടുകളുടെ വരവ് പരിശോധിക്കുന്നതിനും ബാലൻസ് ഷീറ്റിൽ ബി-4 പത്രികയിൽ നീക്കിബാക്കിയായി ഉൾപ്പെടുത്തിയിരിക്കുന്ന തുകകളുടേയും കൃത്യത പരിശോധിക്കുന്നതിനുള്ള രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ടി ഫണ്ടുകളുടെ കൃത്യത വ്യക്തമല്ല.

8) ഡെപ്പോസിറ്റ് രജിസ്റ്ററിൽ സംഗ്രഹം രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുകയുടെ കൃത്യത വ്യക്തമല്ല.

9) RP-40 (B) പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ചുവടെ സൂചിപ്പിക്കുന്ന ഫണ്ടിനങ്ങളുടെ 31-03-2022 ലെ ബാങ്ക് നീക്കിയിരിപ്പ് പത്രിക, ബാങ്ക് ബുക്ക് - ബാങ്ക് സ്റ്റേറ്റ്മെന്റ്, പൊരുത്തപ്പെടുത്തൽ പത്രിക എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

എ) ഇ-പേയ്മെന്റ്

ബി) എസ്.സി.ബി-വെട്ടിക്കവല തനത് ഫണ്ട്

സി) റ്റി.എസ്.ബി അക്കൗണ്ട് നം- 1-11

ഡി) പ്ലാൻ ഫണ്ട്

ഇ) ആശ്രയ

എഫ്) സി.എഫ്.സി - പി.എഫ്.എം.എസ്

10) ലൈഫ് ലോൺ രജിസ്റ്ററിൽ ലോൺ തുകയുടെ വിതരണ വിവരം സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന (B-16 പത്രികയിൽ) തുകയുടെ കൃത്യത വ്യക്തമല്ല.

11) 29.3.21 ൽ ക്രയവിക്രയമില്ലാത്തതിനാൽ ബാങ്ക് ക്ലോസ് ചെയ്ത അക്കൌണ്ട് വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

12) വസ്തു നികുതി – സഞ്ചയ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

13) എൻ.പി.എസ് വിഹിതം എംപ്ലോയേഴ്സ് വിഹിതം B-9 പത്രികയിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടില്ല.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 2,61,48,578/-രൂപ |
| വരവ് | 12,06,01,479/-രൂപ |
| ആകെ | 14,67,50,057/-രൂപ |
| ചെലവ് | 11,57,90,042/-രൂപ |
| നീക്കിയിരിപ്പ് | 3,09,60,015/-രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം | 5,950/-രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 64,92,767/-രൂപ |

1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | സി.ബി ₹ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | |
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 2,25,25,312/- | 2,25,25,312/- | 2,25,25,000/- | 312/- |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 1,37,58,974/- | 1,37,58,974/- | 1,37,57,791/- | 1,183/- |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 1,80,72,948/- | 1,80,72,948/- | 65,74,651/- | 1,14,98,297/- |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 97,59,410/- | 97,59,410/- | 55,05,076/- | 42,54,334/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) (റൈറ്റഡ്) | 0 | 86,57,751/- | 86,57,751/- | 76,05,296/- | 10,52,455/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) (അൺറൈറ്റഡ്) | 0 | 11,16,685/- | 11,16,685/- | 10,73,071/- | 43,614/- |
| സംസ്ഥാനാവിഷ്കൃത ഫണ്ട് | | | | | |
| ലൈഫ് | 5,27,218/- | 86,05,502/- | 91,32,720/- | 45,18,623/- | 46,14,097/- |
| സാക്ഷരത | 1,83,328/- | 5,375/- | 1,88,703/- | 0 | 1,88,703/- |
| എസ്എസ്.എ | 13,924/- | 408/- | 14,332/- | 0 | 14,332/- |
| ശുചിത്വമിഷൻ | 0 | 2,10,000/- | 2,10,000/- | 2,10,000/- | 0 |
| തൊഴിലുറപ്പ് പദ്ധതി അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 6,980/- | 9,18,462/- | 9,25,442/- | 9,25,442/- | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) (റൈറ്റഡ്)- | 0 | 62,91,000/- | 62,91,000/- | 48,59,994/- | 14,31,006/- |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) (അൺറൈറ്റഡ്) | 0 | 43,14,545/- | 43,14,545/- | വാർഷിക ധനകാര്യപത്രിക, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എന്നിവ പ്രകാരം നീക്കിബാക്കി മൈനസ് ഫണ്ട് ആണ്. യഥാർത്ഥ ചെലവ്, നീക്കിബാക്കി വ്യക്തമല്ല. അക്കൗണ്ട്സിലെ അപാകതയിൽ | |

| | | | | | |
|---|---|---|---|---|---|
| | | | | ഉൾപ്പെടുത്തിയിട്ടുണ്ട്. | |
| ഐ.സി.ഡി.എസ് | 16,57,644/- | 12,13,750/- | 28,71,394/- | 15,00,000/- | 13,71,394/- |
| സമ്പൂർണ്ണ ശുചിത്വം | 40,18,582/- | 3,38,442/- | 43,57,024/- | 13,34,548/- | 30,22,476/- |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 249 | 17,14,65,965/- | 188 | 8,99,08,745/- | 41 | 20 | 76% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 6,980/- | 9,18,462/- | 9,25,442/- | 9,25,442/- | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 7,19,59,827/- | 7,19,59,827/- | 7,19,59,827/- | - |
| ആകെ | 6,980/- | 7,28,78,289/- | 7,28,85,269/- | 7,28,85,269/- | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂപ) |
|---|---|
| തൊഴിൽരഹിത വേതനം | 69,840/- |
| കർഷകതൊഴിലാളി പെൻഷൻ | 75,17,200/- |
| വിധവാപെൻഷൻ | 2,56,13,400/- |
| വാർദ്ധക്യകാലപെൻഷൻ | 4,49,14,600/- |
| വികലാംഗപെൻഷൻ | 86,24,600/- |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 2,70,000/- |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതകളായ സ്ത്രീകൾക്കുള്ള പെൻഷൻ | 4,91,200/- |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17-10-2022 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3,309/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ഓഫീസ് സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിനും സേവനങ്ങൾക്കുള്ള സമയദൈർഘ്യം

കുറയ്ക്കുന്നതിനും ഉതകുന്ന പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്.
നികുതി പിരിവിന്റെ കാര്യക്ഷമത ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി വിലയിരുത്തി നികുതിപിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. കേരളാ പഞ്ചായത്തീരാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം വ്യക്തമായ അക്കൗണ്ടിംഗ് സമ്പ്രദായം സ്വീകരിച്ചിട്ടുള്ള പഞ്ചായത്തിലെ എല്ലാ ഫ്രണ്ട് ഓഫീസ് വരവുകളും പ്രിന്റഡ് രസീതി നൽകിയാണ് സ്വീകരിക്കുന്നത്.

പ്രതിദിന കളക്ഷൻ തൊട്ടടുത്ത ദിവസം തന്നെ ഒടുക്കവരുത്തുന്നുണ്ട്. സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് ഫ്രണ്ട് ഓഫീസ് വരവുകൾ സ്വീകരിക്കുന്നത്. ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള തുകകൾ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നുണ്ട്. വരവുകൾ ശരിയായ രീതിയിൽ അക്കൌണ്ട് ചെയ്തിട്ടുണ്ട്. മേൽചട്ടങ്ങളുടെ 29-ാം വകുപ്പിൽ പ്രതിപാദിക്കും പ്രകാരം ചെലവുകൾ ആധികാരികമാക്കും വിധം വൌച്ചറുകൾ സൂക്ഷിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. പണമായും ചെക്ക്, ഡി.ഡിയായും നൽകുന്ന തുകകൾക്ക് കൈപ്പറ്റ് രസീതി വാങ്ങി സൂക്ഷിക്കുന്നുണ്ട്. വരവ് ചെലവുകൾ ബന്ധപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ക്രമ പ്രകാരം പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. പഞ്ചായത്തിലെ അക്കൗണ്ടിംഗ് സമ്പ്രദായം തൃപ്തികരമാണ്. വാങ്ങലുകൾ ചുമതലപ്പെട്ട പർച്ചേസിംഗ്/പ്രൊക്യൂർമെന്റ് കമ്മറ്റികളുടെ ചുമതലയിലാണ് നടത്തിയിട്ടുള്ളത്. സ്റ്റോക്ക് പരിശോധന ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ കാലാകാലങ്ങളിൽ നിർവ്വഹിച്ചുവരുന്നുണ്ട്. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കുന്നില്ല. ആസ്തിയുടെ പരിശോധന നടത്തി രേഖകളുമായുള്ള പൊരുത്തപ്പെടുത്തൽ ഉറപ്പാക്കുന്നില്ല. റോഡ് കണക്ടിവിറ്റി പ്ലാൻ കാലികമല്ല.

### 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.05.2022 | 10/2021 മുതൽ 03/2022 | 21.05.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04.09.2018 - 15.09.18 | 2013-14 മുതൽ 2017-18 വരെ | 24.10.2018 |

### 1-11 ആംബുലൻസ് വരവ് കൃത്യമായി ഒടുക്കുന്നില്ല. രസീത് മുഖേന പിരിച്ച 94,769/-രൂപ ഒടുക്കവരുത്താൻ അവശേഷിക്കുന്നു.

എം.പി. ഫണ്ട് മുഖേന ലഭിച്ചതും ഗ്രാമപഞ്ചായത്ത് ആസ്തിയിൽ നാളിതുവരെ ചേർത്തിട്ടില്ലാത്തതുമായ ആംബുലൻസ് സ്വകാര്യ ആവശ്യങ്ങൾക്ക് വാടകയ്ക്ക് ഓടുമ്പോൾ ലഭിക്കുന്ന തുക പഞ്ചായത്തിൽ കൃത്യമായി അടവാക്കുന്നില്ല. പലപ്പോഴും വളരെ ദിവസങ്ങൾക്ക് ശേഷം ഭാഗികമായി മാത്രമാണ് തുക അടവാക്കുന്നത്. ആംബുലൻസ് പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തിയില്ല എങ്കിലും ആംബുലൻസ് ഡ്രൈവറുടെ വേതനം, ഇന്ധനത്തിന്റെ ചെലവ്, മറ്റ് ചെലവുകൾ എന്നിവ പഞ്ചായത്ത് ഫണ്ടിൽ നിന്നുമാണ് വഹിക്കുന്നത്. കളക്ഷൻ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കളക്ഷൻ തുക(രൂപ) | തീയതി | ഒടുക്കിയ തുക(രൂപ) | തീയതി | കൈവശം ഉള്ള തുക (രൂപ) | റിമാർക്ക്സ് |
|---|---|---|---|---|---|---|
| 1. | 2,580/- | 11/01/22 | - | | 2,580/- | |
| 2. | 2,760/- | 12/01/22 | - | | 5,340/- | |
| 3. | 780/- | 16/01/22 | - | | 6,120/- | |
| 4. | 600/- | 18/01/22 | - | | 6,720/- | |

| | | | | | | |
|---|---|---|---|---|---|---|
| 5. | 1,158/- | 25/01/22 | - | | 7,878/- | |
| 6. | 672/- | 25/01/22 | - | | 8,550/- | |
| 7. | 2,760/- | 26/01/22 | - | | 11,310/- | |
| 8. | 1,770/- | 30/01/22 | - | | 13,080/- | |
| 9. | 1,770/- | 02/02/22 | - | | 14,850/- | |
| 10. | 708/- | 02/02/22 | - | | 15,558/- | |
| 11. | 1,860/- | 04/02/22 | - | | 17,418/- | |
| 12. | 1,770/- | 05/02/22 | - | | 19,188/- | |
| 13. | 1,716/- | 07/02/22 | - | | 20,904/- | |
| 14. | 2,364/- | 10/02/22 | - | | 23,268/- | |
| 15. | 1,896/- | 12/02/22 | - | | 25,164/- | |
| 16. | 726/- | 15/02/22 | - | | 25,890/- | |
| 17. | 1,770/- | 16/02/22 | - | | 27,660/- | |
| 18. | 762/- | 16/02/22 | - | | 28,422/- | |
| 19. | 708/- | 17/02/22 | - | | 29,130/- | |
| 20. | 690/- | 18/02/22 | - | | 29,820/- | |
| 21. | 2,760/- | 18/02/22 | - | | 32,580/- | |
| 22. | 3,498/- | 19/02/22 | - | | 36,078/- | |
| 23. | 1,608/- | 21/02/22 | - | | 37,686/- | |
| 24. | 780/- | 22/02/22 | - | | 38,466/- | |
| 25. | 672/- | 22/02/22 | - | | 39,138/- | |
| 26. | 1,104/- | 27/02/22 | - | | 40,242/- | |
| 27. | 798/- | 02/03/22 | - | | 41,040/- | |
| 28. | 618/- | 05/03/22 | - | | 41,658/- | |
| 29. | 3,084/- | 06/03/22 | - | | 44,742/- | |
| 30. | 960/- | 16/03/22 | - | | 45,702/- | |
| 31. | 3,696/- | 07/03/22 | - | | 49,398/- | |
| 32. | 5,676/- | 08/03/22 | - | | 55,074/- | |
| 33. | 3,120/- | 08/03/22 | - | | 58,194/- | |
| 34. | 3,138/- | 09/03/22 | - | | 61,332/- | |
| 35. | 762/- | 09/03/22 | - | | 62,094/- | |
| 36. | 816/- | 09/03/22 | - | | 62,910/- | |
| 37. | 7,602/- | 11/03/22 | - | | 70,512/- | |
| 38. | 3,408/- | 13/03/22 | - | | 73,920/- | |
| 39. | 3,264/- | 14/03/22 | - | | 77,184/- | |
| 40. | 2,688/- | 15/03/22 | - | | 79,872/- | |
| 41. | 1,158/- | 17/03/22 | - | | 81,030/-<br>(17.3.22 വരെയുള്ള ആകെ കണക്ഷൻ) | |

| | | | | | | |
|---|---|---|---|---|---|---|
| 42. | 3,678/- | 20/03/22 | 53,000/- | 21/03/22 | 31,708/- | |
| 43. | 2,958/- | 21/03/22 | - | | 34,666/- | രസീത് ഇല്ല |
| 44. | 600/- | 21/03/22 | - | | 35,266/- | |
| 45. | 1,428/- | 26/03/22 | - | | 36,694/- | |
| 46. | 1,842/- | 28/03/22 | - | | 38,536/- | |
| 47. | 1,230/- | 29/03/22 | 7,000/- | 31/03/22 | 32,766/- | രസീത് ഇല്ല |
| 48. | 798/- | 04/04/22 | - | | 33,564/- | |
| 49. | 2,940/- | 05/04/22 | 7,000/- | 06/04/22 | 29,504/- | രസീത് ഇല്ല |
| 50. | 780/- | 06/04/22 | - | | 30,284/- | രസീത് ഇല്ല |
| 51. | 600/- | 06/04/22 | - | | 30,884/- | |
| 52. | 2,040/- | 07/04/22 | - | | 32,924/- | |
| 53. | 2,940/- | 19/04/22 | - | | 35,864/- | |
| 54. | 3,064/- | 20/04/22 | - | | 38,928/- | |
| 55. | 2,976/- | 23/04/22 | - | | 41,904/- | |
| 56. | 3,606/- | 25/04/22 | - | | 45,510/- | |
| 57. | 1,896/- | 26/04/22 | - | | 47,406/- | |
| 58. | 600/- | 27/04/22 | - | | 48,006/- | |
| 59. | 600/- | 29/04/22 | - | | 48,606/- | |
| 60. | 4,002/- | 02/05/22 | - | | 52,608/- | |
| 61. | 888/- | 07/05/22 | - | | 53,496/- | |
| 62. | 2,256/- | 09/05/22 | - | | 55,752/- | |
| 63. | 2,994/- | 10/05/22 | - | | 58,746/- | |
| 64. | 2,868/- | 12/05/22 | - | | 61,614/- | |
| 65. | 2,670/- | 16/05/22 | - | | 64,284/- | |
| 66. | 1,050/- | 16/05/22 | - | | 65,334/- | |
| 67. | 3,354/- | 17/05/22 | - | | 68,688/- | |
| 68. | 1,662/- | 18/05/22 | - | | 70,350/- | |
| 69. | 3,048/- | 18/05/22 | 2,000/- | 19/05/22 | 71,398/- | |
| 70. | 2,850/- | 20/05/22 | - | | 74,248/- | |
| 71. | 2,850/- | 22/05/22 | - | | 77,098/- | |
| 72. | 960/- | 23/05/22 | 13,500/- | 24/05/22 | 64,558/- | |
| 73. | 2,940/- | 24/05/22 | - | | 67,498/- | |
| 74. | 3,480/- | 25/05/22 | 3,500/- | 30/05/22 | 67,478/- | |
| 75. | 3,516/- | 30/05/22 | 4,000/- | 31/05/22 | 66,994/- | |
| 76. | 4,614/- | 31/05/22 | - | | 71,608/- | |

| | | | | | | |
|---|---|---|---|---|---|---|
| 77. | 888/- | 02/06/22 | - | | 72,496/- | |
| 78. | 690/- | 03/06/22 | - | | 73,186/- | |
| 79. | 690/- | 04/06/22 | - | | 73,876/- | |
| 80. | 888/- | 05/06/22 | - | | 74,764/- | |
| 81. | 3,372/- | 06/06/22 | - | | 78,136/- | |
| 82. | 3,048/- | 08/06/22 | - | | 81,184/- | |
| 83. | 2,940/- | 11/06/22 | - | | 84,124/- | |
| 84. | 2,706/- | 12/06/22 | - | | 86,830/- | |
| 85. | 4,254/- | 14/06/22 | - | | 91,084/- | |
| 86. | 1,122/- | 15/06/22 | - | | 92,206/- | |
| 87. | 1,140/- | 16/06/22 | - | | 93,346/- | |
| 88. | 3,426/- | 19/06/22 | - | | 96,772/- | |
| 89. | 4,326/- | 20/06/22 | - | | 1,01,098/- | |
| 90. | 1,842/- | 21/06/22 | - | | 1,02,940/- | |
| 91. | 3,894/- | 22/06/22 | - | | 1,06,834/- | |
| 92. | 1,626/- | 02/06/22 | - | | 1,08,460/- | |
| 93. | 1,698/- | 26/06/22 | - | | 1,10,158/- | |
| 94. | 3,444/- | 27/06/22 | - | | 1,13,602/- | |
| 95. | 1,968/- | 28/06/22 | - | | 1,15,570/- | |
| 96. | 2,832/- | 29/06/22 | - | | 1,18,402/- | |
| 97. | 5,784/- | 30/06/22 | - | | 1,24,186/- | |
| 98. | 2,940/- | 01/07/22 | 32,000/- | 02/07/22 | 95,126/- | |
| 99. | 2,220/- | 02/07/22 | - | | 97,346/- | |
| 100. | 1,140/- | 02/07/22 | - | | 98,486/- | |
| 101. | 3,822/- | 03/07/22 | 14,000/- | 04/07/22 | 88,308/- | രസീത് ഇല്ല |
| 102. | 2,508/- | 05/07/22 | 12,000/- | 06/07/22 | 78,816/- | രസീത് ഇല്ല |
| 103. | 4,182/- | 06/07/22 | 61,064/- | 08/07/22 | 21,934/- | |
| 104. | 4,362/- | 09/07/22 | - | | 26,296/- | |
| 105. | 2,706/- | 11/07/22 | - | | 29,002/- | |
| 106. | 690/- | 12/07/22 | 7,500/- | 13/07/22 | 22,192/- | |
| 107. | 3,606/- | 13/07/22 | - | | 25,798/- | |
| 108. | 1,824/- | 14/07/22 | 5,000/- | 15/07/22 | 22,622/- | |
| 109. | 600/- | 15/07/22 | - | | 23,222/- | |
| 110. | 2,544/- | 17/07/22 | - | | 25,766/- | |
| 111. | 10,428/- | 19/07/22 | 16,000/- | 21/07/22 | 20,194/- | |
| 112. | 4,020/- | 21/07/22 | - | | 24,214/- | |
| 113. | 2,760/- | 22/07/22 | - | | 26,974/- | |

| | | | | | | |
|---|---|---|---|---|---|---|
| 114. | 5,712/- | 23/07/22 | - | | 32,686/- | |
| 115. | 636/- | 25/07/22 | 11,000/- | 26/07/22 | 22,322/- | |
| 116. | 4,668/- | 26/07/22 | 3,300/- | 27/07/22 | 23,690/- | |
| 117. | 2,940/- | 27/07/22 | - | | 26,630/- | |
| 118. | 2,148/- | 28/07/22 | - | | 28,778/- | |
| 119. | 1,842/- | 01/08/22 | - | | 30,620/- | |
| 120. | 2,850/- | 02/08/22 | - | | 33,470/- | |
| 121. | 10,914/- | 02/08/22 | 16,000/- | 03/08/22 | 28,384/- | |
| 122. | 6,252/- | 03/08/22 | - | | 34,636/- | |
| 123. | 3,282/- | 04/08/22 | - | | 37,918/- | |
| 124. | 3,372/- | 05/08/22 | - | | 41,290/- | |
| 125. | 1,626/- | 07/08/22 | - | | 42,916/- | |
| 126. | 2,940/- | 08/08/22 | 3,500/- | 10/08/22 | 42,356/- | |
| 127. | 5,208/- | 11/08/22 | - | | 47,564/- | |
| 128. | 2,400/- | 17/08/22 | - | | 49,964/- | |
| 129. | 1,680/- | 18/08/22 | 4,000/- | 24/08/22 | 47,644/- | |
| ആകെ | 3,23,008 /- | | 2,75,364 /- | | 47,644 /- | |

18/08/2022 തീയതിയിൽ ആംബുലൻസ് വരവിനത്തിൽ ടിയാൻ 47,644/-രൂപ അടവാക്കാതെ ശേഷിക്കുന്നു. 18/08/2022 ന ശേഷം താഴെ ചേർക്കുന്ന തുകകൾക്ക് ആംബുലൻസ് ഓടിയതായി ലോഗ് ബുക്കിൽ കാണുന്നു. എന്നാൽ ടി തുകകൾക്ക് രസീത് നൽകിയിട്ടില്ല. കൂടാതെ ഈ തുകകൾ പഞ്ചായത്ത് ഫണ്ടിൽ നാളിതുവരെ ഒടുക്കിയിട്ടുമില്ല.

| ഓടിയ തീയതി | ലഭ്യമായ തുക (രൂപ) | റിമാർക്സ് |
|---|---|---|
| 18/08/2022 | 1,755/- | രസീത് നൽകിയില്ല |
| 22/08/2022 | 500/- | രസീത് നൽകിയില്ല |
| 24/08/2022 | 825/- | രസീത് നൽകിയില്ല |
| 26/08/2022 | 500/- | രസീത് നൽകിയില്ല |
| 26/09/2022 | 2,400/- | രസീത് നൽകിയില്ല |
| 27/09/2022 | 2,625/- | രസീത് നൽകിയില്ല |
| 28/09/2022 | 2,400/- | രസീത് നൽകിയില്ല |
| 28/09/2022 | 1,935/- | രസീത് നൽകിയില്ല |
| 01/10/2022 | 1,515/- | രസീത് നൽകിയില്ല |
| 02/10/2022 | 4,080/- | രസീത് നൽകിയില്ല |
| 03/10/2022 | 1,815/- | രസീത് നൽകിയില്ല |
| 03/10/2022 | 2,430/- | രസീത് നൽകിയില്ല |
| 04/10/2022 | 3,600/- | രസീത് നൽകിയില്ല |
| 05/10/2022 | 2,100/- | രസീത് നൽകിയില്ല |
| 06/10/2022 | 2,775/- | രസീത് നൽകിയില്ല |
| 07/10/2022 | 2,100/- | രസീത് നൽകിയില്ല |
| 07/10/2022 | 2,100/- | രസീത് നൽകിയില്ല |

| | | |
|---|---|---|
| 07/10/2022 | 2,100/- | രസീത് നൽകിയില്ല |
| 08/10/2022 | 1,125/- | രസീത് നൽകിയില്ല |
| 09/10/2022 | 4,245/- | രസീത് നൽകിയില്ല |
| 10/10/2022 | 2,100/- | രസീത് നൽകിയില്ല |
| 11/10/2022 | 2,100/- | രസീത് നൽകിയില്ല |
| ആകെ | 47,125/- | |

ആംബുലൻസ് വരവ് ഇനത്തിൽ 11.10.22 വരെ ആകെ 94,769/-രൂപ പഞ്ചായത്ത് ഫണ്ടിൽ അടവാക്കാനുണ്ട്. ഇത് സംബന്ധിച്ച് 20.10.22 ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11) മറുപടി ലഭ്യമാക്കിയിട്ടില്ല. കേരള ഫിനാൻഷ്യൽ കോഡ് വാല്യം-1, ആർട്ടിക്കിൾ 7(1), 7(2) എന്നിവ പ്രകാരം വരവ് ഇനങ്ങൾക്ക് രസീത് നൽകേണ്ടതും രസീത് മുഖേന പിരിച്ച തുകകൾ തൊട്ടടുത്ത പ്രവർത്തിദിനം തന്നെ ഒടുക്കുവരുത്തേണ്ടതുമാണ്. മാസങ്ങളോളം തുക ഒടുക്കവരുത്താത്തത് ഗുരുതരമായ വീഴ്ചയാണ്. ആംബുലൻസ് വരവ് പൂർണ്ണമായും യഥാസമയം പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുന്നതിനും വരവ് തുകകൾക്ക് രസീതുകൾ നൽകാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ആംബുലൻസിന്റെ വരവ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കേണ്ട മുഴവൻ തുകയും യഥാസമയം ഒടുക്കുവരാത്തത് ബന്ധപ്പെട്ട മേലധികാരിയുടെ വീഴ്ചയാണ്. ഒടുക്കുവരുത്താൻ അവശേഷിക്കുന്ന മുഴവൻ തുകയും എത്രയും വേഗം പലിശ സഹിതം ഒടുക്കുവരുത്തി മറുപടി ലഭ്യമാക്കേണ്ടതാണ്.

1-12 ലേലം - കൈകൊണ്ട വ്യക്തികൾ തുക പൂർണമായും ഒടുക്കുന്നില്ല.

വെട്ടിക്കവല പഞ്ചായത്തിലെ ലേല നോട്ടീസിലെ നിബന്ധനകൾ പ്രകാരം ലേലം വിജയിക്കുന്ന വ്യക്തി മുഴവൻ ലേലത്തുകയും തൊട്ടടുത്ത ദിവസം തന്നെ ഒടുക്കുവരുത്തേണ്ടതാണ്. എന്നാൽ പഞ്ചായത്തിന്റെ 2021-22 വർഷം ലേലം ഇനത്തിന്റെ പരിശോധനയിൽ ലേലം വിജയിച്ച വ്യക്തി ലേല തുക പൂർണമായും അടവാക്കിയില്ല. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

1. ചിരട്ടക്കോണം പബ്ലിക് മാർക്കറ്റിലെ മാട്ടിറച്ചി വ്യാപാരത്തിനുള്ള 21.06.2021 ൽ നടന്ന പുനർലേലത്തിൽ ഏറ്റവും ഉയർന്ന തുക വിളിച്ച ശ്രീ. ഷറഫുദ്ദീൻ എന്ന വ്യക്തിക്ക് കമ്മിറ്റി തീരുമാനമനുസരിച്ച് ലേലം സ്ഥിരപ്പെടുത്തി നൽകി. എന്നാൽ ലേല തുകയായ 2,40,000/-രൂപയിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് 25,000/-രൂപ അടക്കം ആകെ 1,05,000/-രൂപ മാത്രമാണ് ഒടുക്കിയത്. 1,35,000/-രൂപ കൂടി ഈടാക്കാൻ അവശേഷിക്കുന്നു.

2. 2022-23 വർഷത്തേക്ക് പനവേലി പബ്ലിക് മാർക്കറ്റിൽ മാട്ടിറച്ചി വ്യാപാരത്തിനുള്ള ലേലം വിജയിച്ച ശ്രീ.സുധീർ ആകെ ലേലത്തുകയായ 3,80,000/-രൂപയിൽ സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയ 25,000/-രൂപ മാത്രമാണ് അടവാക്കിയത്. തുടർന്ന് ടിയാൻ തുക അടവാക്കാതെ ലേലത്തിൽ നിന്നും പിന്മാറി. തുടർന്ന് ലേലം ഏറ്റെടുക്കാൻ മറ്റാരും തയ്യാറായില്ല. എന്നാൽ നാളിതുവരെ ലേലം അസാധുവാക്കി ടിയാൻ അടവാക്കിയ ഡെപ്പോസിറ്റ് കണ്ടുകെട്ടി പുനർലേലം നടത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( 10/20.10.22) മറുപടിയായി ഹാജരാക്കിയ രേഖകൾ പ്രകാരം ഈടാക്കാൻ അവശേഷിക്കുന്ന 1,35,000/-രൂപ ഈടാക്കാൻ റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആയത് ഈടാക്കുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ പനവേലി പബ്ലിക് മാർക്കറ്റിലെ മാട്ടിറച്ചി പുനർലേലം നടത്തേണ്ടതാണ്.

1-13 സ്ഥാപന തൊഴിൽ നികുതി ഈടാക്കാൻ അവശേഷിക്കുന്നു.

2021-22 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും നിയമാനുസൃത സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1. യൂനസ് കോളജ് ഓഫ് പോളി ടെക്നിക്
2. മുത്തൂറ്റ് ഫിൻകോർപ്പ്, പനവേലി
3. കെ.റ്റി.ഡി.സി സദാനന്ദപുരം
4. സർവീസ് സഹകരണ ബാങ്ക്, വെട്ടിക്കവല
5. ബി.എസ്.എൻ.എൽ
6. സർവീസ് സഹകരണ ബാങ്ക്, ചക്കുവരക്കൽ
7. ഫെഡറൽ ബാങ്ക്, കോക്കാട്
8. ഇന്റർനാഷണൽ സ്കൂൾ, കരിക്കം

മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും മുൻകാലങ്ങളിൽ ഈടാക്കാൻ അവശേഷിക്കുന്നത് ഉൾപ്പടെയുള്ള സ്ഥാപന തൊഴിൽ നികുതി പൂർണമായും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-14 തൊഴിൽ നികുതി പൂർണമായും ഡിമാന്റ് ചെയ്ത് ഈടാക്കുന്നില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 പ്രകാരം പഞ്ചായത്ത് പരിധിയിൽ 60 ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യാവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിലെ ഡി&ഒ അപേക്ഷകളിൽ ടി സ്ഥാപനങ്ങളിൽ നിരവധി ജീവനക്കാർ തൊഴിൽ ചെയ്യുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ ജീവനക്കാരുടെ തൊഴിൽ നികുതി പൂർണമായും അസസ്സ് ചെയ്ത് ഈടാക്കുന്നില്ല.

1. കെ.റ്റി.ഡി.സി. റെസ്റ്റോറന്റ് – 12 ജീവനക്കാർ
2. കെ.റ്റി.ഡി.സി. ബീയർ പാർലർ – 12 ജീവനക്കാർ
3. M.G.L. റെഡി മിക്സ് കോൺക്രീറ്റ് – 7 ജീവനക്കാർ
4. തെക്കേടത്ത് ഇൻഡസ്ട്രീസ് & ഹാളിൽ – 8 ജീവനക്കാർ
5. വിഘ്നേശ്വര ഇൻഡസ്ട്രീസ് – 6 ജീവനക്കാർ
6. മാപ്പ് മാർബിൾസ് – 9 ജീവനക്കാർ

കൂടാതെ ടി.ഡി.ബി. സെൻട്രൽ സ്കൂളിലെ ജീവനക്കാരുടെ 2021-22 ആദ്യ അർദ്ധ വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. തൊഴിൽ നികുതി ഇനത്തിൽ ലഭിക്കേണ്ട മുഴുവൻ തുകയും ഡിമാന്റ് ചെയ്ത് ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. മേൽ പരാമർശിച്ച സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-15 2021-22 സാമ്പത്തിക വർഷം വിവിധ മരുന്ന വാങ്ങൽ പദ്ധതികൾക്ക് ചെലവഴിച്ച തുകയിൽ ₹1,29,416/-രൂപയുടെ മരുന്ന്/ഉപകരണങ്ങൾ ലഭിച്ചില്ല - ചെലവ് തടസ്സപ്പെടുത്തുന്നു.

2021-22 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ സി.എച്ച്.സി. തലച്ചിറ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ വിവിധ മരുന്ന്/മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ പ്രോജക്ടുകളിൽ ചെലവഴിച്ച തുകയ്ക്ക് അനുസൃതമായി മരുന്ന്/ഉപകരണങ്ങൾ ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ, പേര് | ബിൽ നമ്പർ, തുക(രൂപ) | പ്രൊഫോർമ ഇൻവോയ്സ് | മരുന്ന് ലഭ്യമായ ഇൻവോയ്സ്, തുക (രൂപ) | ബാക്കി |
|---|---|---|---|---|---|
| 1. | 87, സാന്ത്വന പരിപാലനം | 18/11.01.2022 ₹2,64,000/- | PRF 3232/ 06.11.2021 ₹2,00,000/- | 5870/08.07.2022 ₹32,625/- 5872/08.07.2022 | ₹ 69,528/- |

| | | | | | |
|---|---|---|---|---|---|
| | | | KMSCL | ₹20,458/-<br>5873/08.07.2022<br>₹34,710/-<br>10836/13.09.2022<br>₹38,508/-<br>12034/24.09.2022<br>₹4,171/-<br>ആകെ - ₹1,30,472/- | |
| | | | PRF 3782/<br>02.12.2021<br>₹64,000/- | 5755/07.07.2022<br>₹13,405/-<br>6934/27.07.2022<br>₹8,474/-<br>11716/20.09.2022<br>₹26,996/-<br>ആകെ - ₹48,875/- | ₹ 15,125/- |
| 2. | 88,<br>പി.എച്ച്.സി.<br>മരുന്നുവാങ്ങൽ | 25/10.02.2022<br>₹1,50,000/- | PRF 5346/<br>01.02.2022<br>₹1,50,000/- | 4752/21.06.2022<br>₹26,032/-<br>4754/21.06.2022<br>₹40,299/-<br>5918/11.07.2022<br>₹7,322/-<br>6257/18.07.2022<br>₹13,884/-<br>10833/13.09.2022<br>₹14,991/-<br>12032/24.09.2021<br>₹6,260/-<br>ആകെ - ₹1,08,788/- | ₹ 41,212/- |
| 3. | 89,<br>ജീവിതശൈലി<br>രോഗങ്ങൾക്ക്<br>ഇൻസുലിൻ | 1/29.10.2021<br>₹3,00,000/- | PRF 2776/<br>20.10.2021<br>₹3,00,000/- | 2953/25.05.2022<br>₹95,553/-<br>5599/04.07.2022<br>₹1,02,099/-<br>8468/12.08.2022<br>₹98,797/-<br>ആകെ -<br>₹2,96,449/- | ₹ 3,551/- |

| | | | | | |
|---|---|---|---|---|---|
| | | | | ആകെ | ₹1,29,416/- |

മരുന്നുകൾ/മെഡിക്കൽ ഉപകരണങ്ങൾ എന്നിവ ലഭ്യമായിട്ടില്ലാത്ത സാഹചര്യത്തിൽ 1,29,416/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്ക് വിവരങ്ങൾ രേഖപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 1,29,416/-രൂപ

1-16 മുൻകൂറായി തുക ഒടുക്കിയിട്ടും മരുന്നുകൾ ലഭിക്കാനവശേഷിക്കുന്നു - ചെലവ് തടസ്സം.

NRHM – ആയുർവേദ, ഹോമിയോ ആശുപത്രികൾക്ക് മരുന്നുകൾ വാങ്ങുന്നതിനായി സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ സൂചിപ്പിക്കുന്ന പദ്ധതികൾ പ്രകാരം തുകകൾ മുൻകൂറായി ഒടുക്ക് വരുത്തിയിട്ടും നാളിതു വരെ മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതി വിശദാംശങ്ങൾ | ഫണ്ട് | അടങ്കൽ (രൂപ) | ചെലവ് തുക / ബിൽ നമ്പർ | തുക കൈപ്പറ്റിയ സ്ഥാപനം | അഭിപ്രായം |
|---|---|---|---|---|---|---|
| 1 | 53/22 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 1,50,000/- | 1,50,000/- 24/21-22/ 26-02-2022 | ഹോംകോ | ആകെ മുൻകൂറായി ഒടുക്കിയ തുകയിൽ 96,500/-രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടുണ്ട്. ബാക്കി 53,500/-രൂപയുടെ മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നു. |
| 2 | 52/22 ആയുർവേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ | സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 7,00,000/- | 7,00,000/- (12/21-22/ 29-12-22- 4,00,000/- 31/21-22/ 24-03-22- 3,00,000/-) | ഔഷധി | ഔഷധിയിൽ മുൻകൂറായി ഒടുക്കിയ 7,00,000/-രൂപയിൽ ബാക്കി 33,560/-രൂപയുടെ മരുന്ന് ലഭിച്ചിട്ടില്ല. |

മേൽ പദ്ധതികൾ പ്രകാരം മരുന്നുകൾ വിതരണം ചെയ്യാനവശേഷിച്ചിരിക്കുന്ന 87,060/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമായതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്ന മുറയ്ക്ക് ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതാണ്.

ഓഡിറ്റ് തടസ്സം - 87,060/-രൂപ

ഓഡിറ്റ് എൻക്വയറി നം - 06/19-10-22

1-17 ഒരേ തൊഴിലാളികൾ തന്നെ ഒരേ ദിവസത്തിൽ രണ്ടുതരം പ്രവൃത്തികളും ചെയ്തതായി ഹാജർ രേഖപ്പെടുത്തി തുക അനുവദിച്ചു.

മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ അവിദഗ്ധ - വിദഗ്ധ തൊഴിൽ ആവശ്യമുള്ള പദ്ധതികളിൽ ഒരേ തൊഴിലാളികൾ തന്നെ ഒരേ ദിവസത്തിൽ രണ്ടുതരം പ്രവൃത്തികളും ചെയ്തതായി ഹാജർ രേഖപ്പെടുത്തിയത്, മസ്റ്റർ റോൾ, പേയ്മെന്റ് എഫ്.ടി.ഒ എന്നിവ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു. ഒരേ തൊഴിലാളിയുടെ അക്കൗണ്ടിലേയ്ക്കാണ് രണ്ട് തരത്തിലുള്ള

പ്രവൃത്തികൾ ചെയ്യതിന്റെ വേതനവും കൈമാറിയിട്ടുള്ളത്. വിദഗ്ധ തൊഴിൽ വൈദഗ്ധ്യം ആവശ്യമുള്ള പ്രവൃത്തികൾ അവിദഗ്ധ തൊഴിലാളികൾ അതേ ദിവസം തന്നെ ചെയ്തു എന്നത് ഓഡിറ്റിൽ അംഗീകരിക്കാത്തതിനാൽ വിദഗ്ധ തൊഴിൽ വേതനമിനത്തിൽ, അവിദഗ്ധ തൊഴിലാളികളുടെ അക്കൗണ്ടിലേയ്ക്ക് എഫ്.ടി.ഒ. ചെയ്ത 5,950/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. വിദഗ്ധ തൊഴിലാളി വിഭാഗത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർ ആരുംതന്നെ പഞ്ചായത്തിലെ തൊഴിലാളി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവർത്തിയുടെ പേര്/ കോഡ് പ്രവർത്തിയുടെ എം ബുക്ക് നമ്പർ | ഗുണഭോക്താവിന്റെ പേര് | അവിദഗ്ധ മസ്റ്ററോൾ നമ്പർ തീയതി | അവിദഗ്ധ തൊഴിൽ വേതനം (Including Implements Charges) | എഫ്. റ്റി.ഒ നമ്പർ തീയതി | വിദഗ്ധ മസ്റ്ററോൾ നമ്പർ തീയതി | വിദഗ്ധ തൊഴിൽ വേതനം | എഫ്. റ്റി.ഒ നമ്പർ തീയതി |
|---|---|---|---|---|---|---|---|---|
| 1 | ആട്ടിൻകൂട് നിർമ്മാണം ( If/559761) ഉണ്ണികൃഷ്ണപിള്ള വാർഡ് 12 എം ബുക്ക് നമ്പർ രേഖപ്പെടുത്തിയിട്ടില്ല | ഉണ്ണികൃഷ്ണ പിള്ള | 2443 15/07/2021 - 21/07/2021 | 1,806/- | 245825/ 26-07-2021 | 2444/ 15/07/2021 -21/07/2021 | 5,950/- | 246720 26/07/2021 |

ഒരേ ദിവസം ഒരു തൊഴിലാളിക്ക് രണ്ട് വിഭാഗങ്ങളിൽ ഹാജർ രേഖപ്പെടുത്തി വിദഗ്ധ – അവിദഗ്ധ വേതനം നൽകുന്നത് മേലധികാരികളുടെ പരിശോധനാ വീഴ്ചയായി കാണുന്നു.

1-18 ഇടപാടുകൾ ഇല്ലാത്ത അക്കൗണ്ടുകൾ ബാങ്കുകൾ മരവിപ്പിച്ചു തുക മാറ്റിയത് തിരികെ ഈടാക്കിയിട്ടില്ല.

പെൻഷനു വേണ്ടി ഗ്രാമപഞ്ചായത്ത് ഇൻഡ്യൻ ഓവർസീസ് ബാങ്ക് വെട്ടിക്കവലയിൽ ആരംഭിച്ചിരുന്ന 115501000002029-ാം നമ്പർ അക്കൗണ്ടിൽ ക്രയവിക്രയങ്ങൾ ഇല്ലാതെയിരുന്നതിനാൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് അൺക്ലെയിമ്ഡ് ആയി രേഖപ്പെടുത്തി അക്കൗണ്ടിൽ ഉണ്ടായിരുന്ന 42,491/-രൂപ ബാങ്ക് പിടിച്ച് 29-3-21 തീയതിയിൽ അക്കൗണ്ട് ക്ലോസാക്കി. ബാങ്കിന്റെ മേൽ നടപടിയുടെ അടിസ്ഥാനത്തിൽ 42,491/-രൂപ തിരികെ ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് 2020-21 സാമ്പത്തികവർഷത്തിലെ ഓഡിറ്റിന്റെ ഭാഗമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ടി തുക തിരികെ ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ട് അക്കൗണ്ടിലേക്ക് നിക്ഷേപിക്കാൻ കത്ത് നൽകിയിട്ടുണ്ടെന്നും തുടർനടപടി സ്വീകരിച്ച് വിവരം അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ 31-03-2022 ലെ നീക്കിബാക്കിയിലും ടി അക്കൗണ്ടിൽ തുക ഉൾപ്പെടുത്തിയാണ് വാർഷിക ധനകാര്യ പത്രിക തയ്യാറാക്കിയിരിക്കുന്നത്. നിലവിലില്ലാത്ത അക്കൗണ്ട് വാർഷിക ധനകാര്യ പത്രികയിലുൾപ്പെടുത്തിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

തുക പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്യതിന്റെ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നം-9/20-10-2022) മറുപടി ലഭ്യമാക്കിയിട്ടില്ല. തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-19 നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാർ വച്ചില്ല - കാലതാമസത്തിനുള്ള പിഴ ഈടാക്കിയില്ല - 4,476/-രൂപ.

PWD Manual, ഖ. 2009.6 പ്രകാരം, സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയ തീയതി മുതൽ 14 ദിവസത്തിനകം കരാർ ചമയ്ക്കേണ്ടതാണ്. 14 ദിവസം കഴിഞ്ഞ് 10 ദിവസത്തിനകം കരാർ തുക (PAC) യുടെ 1% പിഴ ഈടാക്കി കരാറുടമ്പടി വയ്ക്കാവുന്നതാണ്. 14 ദിവസവും പിഴയോട്ടുകൂടിയ 10 ദിവസവും കഴിഞ്ഞ് കരാർ വയ്ക്കാത്ത പക്ഷം കരാർ റദ്ദാക്കണം, EMD കണ്ടുകെട്ടി ടെണ്ടർ നിബന്ധനകളിലെ മറ്റ് വ്യവസ്ഥകൾ പ്രകാരമുള്ള നടപടികളും സ്വീകരിക്കണം. എന്നാൽ, അസി.എഞ്ചിനീയർ തൻവർഷം നിർവഹിച്ച ചുവടെ ചേർക്കുന്ന പ്രവൃത്തികളുടെ എഗ്രിമെന്റ് നിയമാനുസൃത കാലയളവിനുള്ളിൽ ചമയ്ക്കാതിരുന്നിട്ടും, കരാറുകാരിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല.

1)

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 25/22 |
| പ്രോജക്ടിന്റെ പേര് | WLPS പനവേലി സ്കൂൾ മെയിന്റനൻസ് |
| അടങ്കൽ തുക | 2,00,000/-രൂ.(MGNR) |
| കരാറുകാരൻ | ശ്രീ. മോഹൻ.ജി.നായർ (എസ്റ്റിമേറ്റ് നിരക്ക്) |
| പി.എ.സി | 178555.71/-രൂ. |
| എം.ബുക്ക് നം. | 71/21-22 |
| ബിൽ നം./തീയതി, തുക | BRN.21040252020101442857/24.3.2022-1,83,052/-രൂ |
| സെലക്ഷൻ നോട്ടീസ് തീയതി | 30.10.2021 |
| പിഴ കൂടാതെ എഗ്രിമെന്റ് വയ്ക്കാവുന്ന അവസാന തീയതി | 13.11.2021 |
| എഗ്രിമെന്റ് നം/തീയതി | 41/AE/LSGD/VTK/21-22/ 20.11.2021 |
| ഈടാക്കേണ്ട പിഴ (പി.എ.സി.യുടെ 1%) | 1,786/-രൂ |

2)

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 47/22 |
| പ്രോജക്ടിന്റെ പേര് | അംഗൻവാടികളിൽ ഏകീകൃത പെയിന്റിംഗ് |
| അടങ്കൽ തുക | 4,25,000/-രൂ.(MGNR) |
| കരാറുകാരൻ | ശ്രീ. ആനന്ദ് രാജ് .എസ്. (എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 29.1% കുറവ്) |
| പി.എ.സി | 2,69,030/-രൂ. |
| ബിൽ നം./തീയതി, തുക | BRN.21040252020101471052/26.3.2022- 2,45,496/-രൂ |
| എം.ബുക്ക് നം. | 83/21-22 |
| സെലക്ഷൻ നോട്ടീസ് തീയതി | 22.11.2021 |
| പിഴ കൂടാതെ എഗ്രിമെന്റ് വയ്ക്കാവുന്ന അവസാന തീയതി | 6.12.2021 |
| എഗ്രിമെന്റ് നം/തീയതി | 75/AE/LSGD/VTK/21-22/3.2.2022 |
| ഈടാക്കേണ്ട പിഴ(പി.എ.സി.യുടെ 1%) | 2,690/-രൂ |

PAC യുടെ 1% തുക ഈടാക്കിക്കൊണ്ട് എഗ്രിമെന്റ് വയ്ക്കാമായിരുന്ന അവസാന തീയതി 16-12-2021 ആയിരുന്നു. എന്നാൽ പ്രസ്തുത തീയതിയും കഴിഞ്ഞ് 3-2-2022-ൽ കരാർ വച്ച സാഹചര്യത്തിൽ, കരാർ റദ്ദാക്കുകയും, EMD കണ്ടുകെട്ടി ടെണ്ടർ നിബന്ധനകളിലെ മറ്റ് വ്യവസ്ഥകൾ പ്രകാരമുള്ള

നടപടികളും സ്വീകരിക്കുകയുമായിരുന്നു ചെയ്യേണ്ടിയിരുന്നത്. എന്നാൽ അപ്രകാരം ചെയ്തിട്ടില്ല. പ്രസ്തുത പ്രവൃത്തിയുടെ ഒന്നാം പാർട്ട് ബില്ലാണ് കരാറുകാരന് അനുവദിച്ചിരിക്കുന്നത്. 2022-23 വർഷം സ്പിൽ ഓവറായി ടി പ്രവൃത്തി ഉൾപ്പെടുത്തിയിട്ടുണ്ട് (പ്രോജക്ട് നം. 94/23). ഈ സാഹചര്യത്തിൽ, PAC യുടെ 1% തുക 2,690/-രൂപ കരാറുകാരനിൽ നിന്നും ഈടാക്കിയിട്ട് മാത്രമേ അന്തിമ ബിൽ അനുവദിക്കാവൂ എന്ന് ഓഡിറ്റ് നിർദ്ദേശിക്കുന്നു.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം. 5/19.10.2022) മറുപടിയിൽ ക്രമ നം.1-ലെ കരാറുകാരൻ കോവിഡ് ബാധിതനായി ക്വാറന്റൈനിൽ ആയിരുന്നതിനാലാണ് പ്രവൃത്തി തുടങ്ങാൻ താമസം വന്നതെന്നും, ടിയാൻ അപേക്ഷ തന്നതിന്റെ അടിസ്ഥാനത്തിലാണ് പിഴ ഈടാക്കാതിരുന്നതെന്നും പരാമർശിച്ചിരിക്കുന്നു. എന്നാൽ അത്തരത്തിലുള്ള ഒരു അപേക്ഷ സമർപ്പിച്ചിട്ടുള്ളതായി കാണുന്നില്ല. ക്രമ നം. 2 പ്രകാരമുള്ള പിഴ പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും ഈടാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

പിഴയിനത്തിലുള്ള 4,476/-രൂപ ഉത്തരവാദിയായ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കി പഞ്ചായത്ത്ഫണ്ടിൽ ഒടുക്കുവരുത്തേണ്ടതാണ്.

1-20 പ്രോജക്ട് നമ്പർ - 221/22 - ആർ.ട്രാക്ക് മാപ്പിംഗ് - ചെലവ് രേഖകൾ ഹാജരാക്കിയില്ല - തടസ്സപ്പെടുത്തുന്ന തുക- 30,000/-രൂപ

അസി. എഞ്ചിനീയർ നിർവഹണോദ്യോഗസ്ഥനായി തൻവർഷം നടപ്പിലാക്കിയ പ്രസ്തുത പ്രോജക്ടിന് തനതുഫണ്ടിൽ നിന്നും 63,000/-രൂപ. അടങ്കൽ നിശ്ചയിച്ചിരുന്നു. പ്രോജക്ടിനായി ചുവടെ ചേർക്കുന്ന തരത്തിൽ തുക പിൻവലിച്ചിട്ടുണ്ട്.

| ചെക്ക് നം./തീയതി | തുക(രൂപ) |
|---|---|
| 658989/1.1.2022 | 10,000/- |
| 201048/15.2.2022 | 20,000/- |
| ആകെ | 30,000/- |

എന്നാൽ, ചെലവുരേഖകൾ, പരിശോധനയ്ക്ക് ഹാജരാക്കിയില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.5/19.10.22) നിർവഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ പ്രവൃത്തിയുടെ ആദ്യഘട്ടം പൂർത്തീകരിച്ചതിന്റെയും രണ്ടാം ഘട്ടം ചെയ്യുന്നതിനും വേണ്ടിയുള്ള തുകയാണ് ചെലവഴിച്ചതെന്നും പഞ്ചായത്ത് സെക്രട്ടറി വഴിയാണ് ചെക്ക് മാറിയതെന്നും, ചെലവുരേഖകൾ പഞ്ചായത്ത് അക്കൗണ്ടിൽ നിന്നും ലഭ്യമാക്കുന്നതാണെന്നും പരാമർശിച്ചിരിക്കുന്നു. ചെലവുരേഖകളുടെ അഭാവത്തിൽ, പ്രസ്തുത പ്രോജക്ടിനായി ചെലവഴിച്ച 30,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
തടസ്സപ്പെടുത്തുന്ന തുക – 30,000/-രൂപ

1-21 എസ്.എസ്.കെ. വിഹിതം നൽകൽ - തുകയുടെ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല - തടസ്സപ്പെടുത്തുന്ന തുക- 11,00,000/-രൂപ

സമഗ്ര ശിക്ഷാ കേരള (എസ്.എസ്.കെ) കൊല്ലം ജില്ലാ പ്രോജക്ട് കോ-ഓർഡിനേറ്ററുടെ 24.8.2021-ലെ SSK-2/922/2021 കത്ത് പ്രകാരം, 2021-22 വർഷത്തെ എസ്.എസ്.കെ യുടെ പഞ്ചായത്ത് വിഹിതമായി 11,86,351/-രൂപ. (ജനറൽ – 7,79,858 + എസ്.സി - 4,06,493) ആവശ്യപ്പെട്ടിരുന്നു. ഇതനുസരിച്ച് ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ്, കരിക്കം നിർവഹണോദ്യോഗസ്ഥയായി, സമഗ്ര ശിക്ഷാ കേരള (എസ്.എസ്.കെ) വിഹിതം നൽകുന്നതിനുവേണ്ടി ജനറൽ, എസ്.സി.പി. വിഭാഗങ്ങൾക്ക് പ്രത്യേകം പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് വിവരം | ബിൽ നം./തീയതി തുക (രൂ) |
|---|---|---|
| 1 | പ്രോജക്ട് നം.62/22-എസ്.എസ്.കെ.(ജനറൽ) | 1/21-22/10.11.21<br>7,00,000/- |
| 2 | പ്രോജക്ട് നം.63/22-എസ്.എസ്.കെ.(എസ്.സി.പി) | 2/21-22/10.11.21<br>4,00,000/- |
| | ആകെ | 11,00,000/- |

എസ്.എസ്.കെ. കൊല്ലം ജില്ലാ കോ-ഓർഡിനേറ്റർക്ക നൽകിയ തുകയുടെ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. പ്രസ്തുത രേഖകളുടെ അഭാവത്തിൽ ടിയിനത്തിൽ ചെലവഴിച്ച 11,00,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

തടസ്സപ്പെടുത്തുന്ന തുക – 11,00,000/-രൂപ

ഓഡിറ്റ് എൻക്വയറി നം. – 4/18.10.2022

1-22 ഇ-ടെണ്ടർ ഫാറവില തിരികെ ഈടാക്കിയില്ല - 35,342/-രൂപ.

ഇ-ടെണ്ടർ ഫാറ വില ഇനത്തിൽ കൊല്ലം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുള്ളതും, വെട്ടിക്കവല ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കാനുള്ളതുമായ തുകയുടെ സാമ്പത്തിക വർഷം തിരിച്ചുള്ള വിവരം അസി. എഞ്ചിനീയർ ലഭ്യമാക്കിയിട്ടുള്ളത് ചുവടെ ചേർക്കുന്നു.

| ക്രമ നം. | സാമ്പത്തിക വർഷം | തുക (രൂപ) |
|---|---|---|
| 1 | 2020-21 | 15,852/- |
| 2 | 2021-22 | 19,490/- |
| ആകെ | | 35,342/- |

ടി തുക ലഭ്യമാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 5/19.10.22

1-23 നിക്ഷേപ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല - ചെലവ് തുക തടസ്സപ്പെടുത്തുന്നു.

2021-22 സാമ്പത്തിക വർഷത്തിൽ സെക്രട്ടറി നിർവ്വഹണം നടത്തിയ ചുവടെ സൂചിപ്പിക്കുന്ന നിക്ഷേപ പ്രവൃത്തികൾക്കായി അതാത് പദ്ധതിയുടെ നിർവ്വഹണ ഏജൻസികൾ തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റ് പ്രകാരം തുക നൽകിയിട്ടുണ്ട്. ടി പ്രവൃത്തികളുടെ പൂർത്തീകരണത്തിന്റേയും തുകയുടെ വിനിയോഗവിവരത്തിന്റേയും വിശദാംശങ്ങൾ രേഖാമൂലം ആവശ്യപ്പെട്ടതിൻ പ്രകാരം നിക്ഷേപ പ്രവൃത്തികൾ എല്ലാം പൂർത്തീകരിച്ചിട്ടില്ല എന്ന് മറുപടി ലഭ്യമാക്കി. 2021-22 സാമ്പത്തിക വർഷത്തിൽ തുക നൽകിയിട്ടും നാളിതുവരെ പ്രവൃത്തികൾ നടപ്പിലാക്കിയിട്ടില്ലാത്തതിനാൽ ചുവടെ സൂചിപ്പിക്കുന്ന നിക്ഷേപ പ്രവൃത്തികൾക്കായി നടത്തിയ 50,46,291/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നം | പ്രോജക്ട് നമ്പർ/ പേര് | ഫണ്ട് | ചെലവ് തുക/ബിൽ നം തീയതി | പ്രവൃത്തി ഏറ്റെടുത്ത സ്ഥാപനം | തുകയുടെ വിനിയോഗ വിവരം | അഭിപ്രായം |
|---|---|---|---|---|---|---|
| 1 | 211/22- നേർവഴിയിൽ നാട്ടും നദിയും-മടത്തിയറ – തെങ്ങറ മണ്ണാംകോണം ഏലാ തോട് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 14,74,500/- Xvfc/21-22 /P/15/ 15-02-22 | മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് | ലഭിച്ചിട്ടില്ല | പ്രവൃത്തിയുടെ പൂർത്തീകരണ രേഖകൾ,തുകയുടെ വിനിയോഗ വിശദാംശങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ |

| | | | | | | |
|---|---|---|---|---|---|---|
| 2 | 251/22- നേർവഴിയിൽ നാട്ടം നദിയും - കോട്ടവട്ടം മൂഴിയിൽ തോട് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 9,50,000/- Xvfc/21-22 /P/76/ 30-03-22 | മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് | ലഭിച്ചിട്ടില്ല | ചെലവ് തുക തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്ന മുറയ്ക്ക് ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതാണ്. ഓഡിറ്റ് തടസ്സം- 47,26,300/- |
| 3 | 212/22 - നേർവഴിയിൽ നാട്ടം നദിയും -കള്ളിത്തല - ചായ്ക്കനഴികം - പടിഞ്ഞാറേ ഏലാ തോട് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 13,00,000/- 18/21-22/ 19-01-22 | മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് | ലഭിച്ചിട്ടില്ല | |
| 4 | 252/22- നേർവഴിയിൽ നാട്ടം നദിയും - മടന്തക്കുഴി -കോട്ടവട്ടം റോഡ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 10,01,800/- 25/21-22/ 08-03-22 | മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് | ലഭിച്ചിട്ടില്ല | |
| 5 | 208/22- നേർവഴിയിൽ നാട്ടം നദിയും - കട്ടവാപ്പാറ പത്തായക്കുഴി | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 10,00,000/- 15/21-22/ 19-01-22 | മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് | 8,64,115/-രൂപ ചെലവഴിച്ച് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. | വിനിയോഗിക്കാതെ അവശേഷിച്ചിരിക്കുന്ന 1,35,885/-രൂപ (208/22), 1,88,158/-രൂപ (207/22), 95,948/- (206/22) രൂപ തിരികെ ഈടാക്കാൻ സ്വീകരിച്ച നടപടികളുടെ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടപ്പോൾ മേൽ സൂചിപ്പിച്ച ടെണ്ടർ സേവിംഗ്സ് തുക ഉപയോഗിച്ച് പുതിയ വർക്ക് ഏറ്റെടുക്കുവാൻ മൈനർ ഇറിഗേഷൻ വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുള്ളതായി മറുപടി നൽകി. ആയത് പ്രകാരം പ്രസ്തുത തുക നിയമാനുസൃതമായിട്ട് ചെലവഴിച്ച് വിവരം ലഭ്യമാക്കുന്നത് വരെ വിനിയോഗിക്കാതെ അവശേഷിച്ചിട്ടുള്ളതായി മുകളിൽ സൂചിപ്പിച്ചിരിക്കുന്ന 4,19,991/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു . |
| 6 | 207/22 - നേർവഴിയിൽ നാട്ടം നദിയും - കൊച്ചുകരിക്കത്തിൽ – പനവേലി ഭാഗം തോട് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 9,46,800/- 16/21-22/ 19-01-22 | മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് | 7,58,642/-രൂപ ചെലവഴിച്ച് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. | |
| 7 | 206/22- നേർവഴിയിൽ നാട്ടം നദിയും - ചരുവിളഭാഗം കോട്ടൂർ ഇണ്ടിളയപ്പൻ ക്ഷേത്രം റോഡ് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 10,00,000/- 17/21-22/ 19-01-22 | മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് | 9,04,052/-രൂപ ചെലവഴിച്ച് പ്രവൃത്തി പൂർത്തീകരിച്ച് ചിട്ടുണ്ട്. | |

പ്രവൃത്തികൾ പൂർത്തീകരിച്ച് വിവരം പരിശോധനയ്ക്ക് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തിയ തുക - 51,46,291/-രൂപ

ഓഡിറ്റ് എൻക്വയറി നം – 6/19-10-22

1-24 ധനകാര്യ കമ്മീഷൻ - റ്റൈഡ് ഫണ്ടിൽ നിന്നും ബേസിക് ഗ്രാന്റിനത്തിലുള്ള ചെലവ്

നടത്തി.

ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക്) അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം തൻവർഷം ട്രഷറിയിൽ ലഭിച്ച 11,16,685/-രൂപയും ബാങ്കിൽ ക്രഡിറ്റ് ചെയ്ത 41,94,000/-രൂപയും ഉൾപ്പെടെ ആകെ 53,10,685/-രൂപ വരവും 56,88,913/-രൂപ ചെലവും (3,78,028/-) നീക്കിബാക്കിയുമാണ്. PFMS ബാങ്ക് - അക്കൌണ്ടിൽ സി.എഫ്.സി - ടൈഡ് & ബേസിക് ഗ്രാന്റിന്റെ വരവ് തുക ഒന്നായിട്ടാണ് വരവ് വച്ചിട്ടുള്ളത്. ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക്) പൂർണ്ണമായി ചെലവഴിച്ച് തീർത്തിട്ടും ബേസിക് ഗ്രാന്റ് വിനിയോഗിച്ച് നടത്തേണ്ട ചെലവുകൾക്കുള്ള തുകയായ 3,78,028/-രൂപ വിനിയോഗിച്ചിരിക്കുന്നത് സി.എഫ്.സി (റ്റൈഡ്) ഫണ്ടിൽ നിന്നുമാണ്. ആയതിനാലാണ് സി.എഫ്.സി (ബേസിക്) ഗ്രാന്റിൽ 3,78,028/-രൂപ ബാലൻസ് വന്നത്.

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2021-22 വാർഷിക പദ്ധതി - കേന്ദ്രധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ വിനിയോഗത്തിനുള്ള ഉപപദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായിട്ടാണ് (സ.ഉ (സാ.ധാ) നം.591/2021/ത.സ്വ.ഭ.വ/25.02.21) ചെലവ് നടത്തിയിരിക്കുന്നത്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഒരേ തൊഴിലാളികൾ തന്നെ ഒരേ ദിവസത്തിൽ രണ്ടുതരം പ്രവൃത്തികളും ചെയ്തതായി ഹാജർ രേഖപ്പെടുത്തി തുക അനുവദിച്ചു. 5,950/-രൂപയുടെ ചെലവ് നിരാകരിക്കുന്നു.

മഹാത്മാഗാന്ധി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ അവിദഗ്ധ - വിദഗ്ധ തൊഴിൽ ആവശ്യമുള്ള പദ്ധതികളിൽ ഒരേ തൊഴിലാളികൾ തന്നെ ഒരേ ദിവസത്തിൽ രണ്ടുതരം പ്രവൃത്തികളും ചെയ്തതായി ഹാജർ രേഖപ്പെടുത്തിയത്, മസ്റ്റർ റോൾ, പേയ്മെന്റ് എഫ്.ടി.ഒ എന്നിവ പരിശോധിച്ചതിൽ ബോധ്യപ്പെട്ടു. ഒരേ തൊഴിലാളിയുടെ അക്കൗണ്ടിലേയ്ക്കാണ് രണ്ട് തരത്തിലുള്ള പ്രവൃത്തികൾ ചെയ്തതിന്റെ വേതനവും കൈമാറിയിട്ടുള്ളത്. വിദഗ്ധ തൊഴിൽ വൈദഗ്ധ്യം ആവശ്യമുള്ള പ്രവൃത്തികൾ അവിദഗ്ധ തൊഴിലാളികൾ അതേ ദിവസം തന്നെ ചെയ്തു എന്നത് ഓഡിറ്റിൽ അംഗീകരിക്കാത്തതിനാൽ വിദഗ്ധ തൊഴിൽ വേതനമിനത്തിൽ, അവിദഗ്ധ തൊഴിലാളികളുടെ അക്കൗണ്ടിലേയ്ക്ക് എഫ്.ടി.ഒ. ചെയ്ത 5,950/-രൂപയുടെ ചെലവ് നിരാകരിക്കുന്നു. വിദഗ്ധ തൊഴിലാളി വിഭാഗത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ളവർ ആരുംതന്നെ പഞ്ചായത്തിലെ തൊഴിലാളി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രവർത്തിയുടെ പേര്/ കോഡ് പ്രവർത്തിയുടെ എം ബുക്ക് നമ്പർ | ഗുണഭോക്താവിന്റെ പേര് | അവിദഗ്ധ മസ്റ്ററോൾ നമ്പർ തീയതി | അവിദഗ്ധ തൊഴിൽ വേതനം (Including Implements Charges) | എഫ്. റ്റി.ഒ നമ്പർ തീയതി | വിദഗ്ധ മസ്റ്ററോൾ നമ്പർ തീയതി | വിദഗ്ധ തൊഴിൽ വേതനം | എഫ്. റ്റി.ഒ നമ്പർ തീയതി |
|---|---|---|---|---|---|---|---|---|
| 1 | ആട്ടിൻകൂട് നിർമ്മാണം | ഉണ്ണികൃഷ്ണ പിള്ള | 2443 15/07/2021 | 1,806/- | 245825/ 26-07-2021 | 2444/ 15/07/2021 | 5,950/- | 246720 26/07/2021 |

| | | | | | | | |
|---|---|---|---|---|---|---|---|
| ( lf/559761)<br>ഉണ്ണികൃഷ്ണപിള്ള<br>വാർഡ് 12<br>എം ബുക്ക് നമ്പർ<br>രേഖപ്പെടുത്തിയിട്ടില്ല | | -<br>21/07/2021 | | | -21/07/2021 | | |

ഒരേ ദിവസം ഒരു തൊഴിലാളിക്ക് രണ്ട് വിഭാഗങ്ങളിൽ ഹാജർ രേഖപ്പെടുത്തി വിദഗ്ധ – അവിദഗ്ധ വേതനം നൽകുന്നത് മേലധികാരികളുടെ പരിശോധനാ വീഴ്ചയായി കാണുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2021-22 | 18-09-2022 | കെ.എസ്.എ.കെ.എൽ.എം.പി.11/1989/22 തീയതി - 25.01.2023 |

### 4-2 സംയുക്തപ്രോജക്റ്റുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (രൂപ) | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് (രൂപ) |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 1,14,400/- | നെൽകൃഷിക്ക് സബ്സിഡി (70/22) | 1,14,400/- | 0 |
| “ | | 3,00,000/- | ലൈഫ് ഭവന പദ്ധതി ജനറൽ (74/22) | 3,00,000/- | 0 |
| “ | | 3,00,000/- | ലൈഫ് ഭവന പദ്ധതി എസ്.സി.പി.(76/22) | 3,00,000/- | 0 |
| “ | | 4,00,000/- | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് (95/22) | 4,00,000/- | 0 |
| “ | | 21,60,000/- | ലൈഫ് ഭവന പദ്ധതി ജനറൽ (99/22) | 21,60,000/- | 0 |
| | | 1,00,000/- | ലൈഫ് ഭവന പദ്ധതി (എസ്.സി.പി.) (178/22) | 1,00,000/- | 0 |
| ജില്ലാ പഞ്ചായത്ത് | | 1,00,000/- | അങ്കണവാടി പോഷകാഹാര വിതരണം (92/22) | 1,00,000/- | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി

നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക(രൂപ) | ചെലവഴിച്ച തുക (രൂപ) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | അങ്കണവാടി വൈദ്യുതീകരണം ( 09/22) | ബിൽ നം- 10/21-22/ 17-09-2021 | 1,61,500/- | 0 | 1,95,791/- |
| | | ബിൽ നം- 11/21-22/ 15-09-2021 | 34,291/- | 0 | |
| | ഇലക്ട്രിക്ക് പോസ്റ്റ് മാറ്റിയിടൽ (162/22) | വൗച്ചർ നം- 22100738/ 17-11-2021 | 18,986/- | 18,986/- | 0 |
| | | വൗച്ചർ നം- 22101005/ 04-02-2022 | 7,172/- | 7,172/- | 0 |
| മൈനർ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് | 211/22- നേർവഴിയിൽ നാട്ടും നദിയും-മടത്തിയറ – തെങ്ങറ മണ്ണാംകോണം ഏലാ തോട് | XFC/21-22/P/1 15-02-2022 | 14,74,500/- | 0 | 14,74,500/- |
| | 251/22- നേർവഴിയിൽ നാട്ടും നദിയും - കോട്ടുവട്ടം മൂഴിയിൽ തോട് | XFC/21-22/P/76 30-03-2022 | 9,50,000/- | 0 | 9,50,000/- |
| | 212/22 - നേർവഴിയിൽ നാട്ടും നദിയും -കള്ളിത്തല – ചായ്ക്കനഴികം - പടിഞ്ഞാറേ ഏലാ തോട് | ബിൽ നം- 18/21-22/ 19-01-22 | 13,00,000/- | 0 | 13,00,000/- |
| | 252/22- നേർവഴിയിൽ നാട്ടും നദിയും - മടന്തക്കുഴി -കോട്ടുവട്ടം റോഡ് | ബിൽ നം- 25/21-22/ 08-03-22 | 10,01,800/- | 0 | 10,01,800/- |
| | 208/22- നേർവഴിയിൽ നാട്ടും നദിയും - കടുവാപ്പാറ | ബിൽ നം- 15/21-22/ 19-01-22 | 10,00,000/- | 8,64,115/- | 1,35,885/- |

| | | | | | |
|---|---|---|---|---|---|
| | പത്തായക്കുഴി | | | | |
| | 207/22 - നേർവഴിയിൽ നാട്ടും നദിയും - കൊച്ചുകരിക്കത്തിൽ -പനവേലി ഭാഗം തോട് | ബിൽ നം- 16/21-22/ 19-01-22 | 9,46,800/- | 7,58,642/- | 1,88,158/- |
| | 206/22- നേർവഴിയിൽ നാട്ടും നദിയും - ചരുവിളഭാഗം കോട്ടൂർ ഇണ്ടിളയപ്പൻ ക്ഷേത്രം റോഡ് | ബിൽ നം- 17/21-22/ 19-01-22 | 10,00,000/- | 9,04,052/- | 95,948/- |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 1,12,20,000/-രൂപ വരവുണ്ട്. തൻ വർഷം 82,90,000/-രൂപ വിനിയോഗിച്ചിട്ടുണ്ട്.
ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | തൻവർഷ വായ്പ തുക (രൂപ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക(രൂപ) | തൻവർഷം തിരിച്ചടച്ച തുക (രൂപ) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | | 1,12,20,000/- | 4,06,65,412/- | 56,76,026/- | - | 4,62,09,386/- |

വായ്പ രജിസ്റ്ററിൽ ഒരോ സാമ്പത്തിക വർഷത്തിലെയും ലോൺ വരവിന്റേയും ഗുണഭോക്താക്കൾക്ക് ലോൺ തുക വിതരണം നടത്തിയതിന്റേയും വിവരങ്ങൾ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

4-6 സ്ഥിരനിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക | തുക(രൂപ) | പേര്/ഉദ്യോഗപ്പേര് | രസീതി നമ്പർ/തീയതി |
|---|---|---|---|---|---|
| 1 | 1998-99 | 24(2) | 420/- | കെ.ശാരദാമ്മ, യു.ഡി.സി | 121010102780/ 27-11-2011 |
| 2 | 2004-05 | 3(10) 1-2 | 830/- | കെ.സലിം, കോൺട്രാക്ടർ | 121010103009/ 02-12-2021 |

| | | | | | |
|---|---|---|---|---|---|
| 3 | 2004-05 | 3(11) | 702/- | കെ.എം.രാജൻ, കോൺട്രാക്ടർ | 121010103008/ 02-12-2021 |
| 4 | 2004-05 | 3(12) | 641/- | ജി.ഷാജി, കോൺട്രാക്ടർ | 121010103010/ 02-12-2021 |
| 5 | 2005-06 | 3(11) | 509/- | ഗീവർഗീസ്, കോൺട്രാക്ടർ | 121010103011/ 02-12-2021 |
| 6 | 2008-09 | 2(1) | 1,250/- | സെക്രട്ടറി, എസ്.സി.ബി- വെട്ടിക്കവല | 121010103438/ 16-12-2021 |
| 7 | 2008-09 | 2(2) | 100/- | ബേബി, ചരുവിളവീട് | 121010103228/ 08-12-2021 |
| | | | 50/- | പ്രശാന്ത്.ആർ.ഉണ്ണിത്താൻ | 121010103229/ 08-12-2021 |
| | | | 50/- | സിജ പാപ്പച്ചൻ | 121010103230/ 08-12-2021 |
| | | | 10/- | വിജയൻ.എം, പ്ലാവിള വീട് | 121010103231/ 08-12-2021 |
| | | | 50/- | സി.പാപ്പച്ചൻ | 121010103232/ 08-12-2021 |
| | | | 10/- | ശാന്തകുമാരി | 121010103233/ 08-12-2021 |
| | | | 10/- | ഹസീന.എ | 121010103234/ 08-12-2021 |

### 4-8 സമാഹൃത ഓഡിറ്റ്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2000-01 | 3-6 | 2006-07 | 3.11.7 | വഴിവിളക്ക് സ്ഥാപിക്കൽ – അപാകത | അക്കൗണ്ട്സ് കമ്മിറ്റിക്കു മുൻപായി സമർപ്പിച്ചിരിക്കുന്നു. |
| 2001-02 | 3-4 | 2006-07 | 3.11.7 | ലൈൻ എക്സ്റ്റൻഷൻ | |
| 2007-08 | 3-22 | 2010-11 | 5.4.2 | സർക്കാർ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി SGRY പദ്ധതികൾക്ക് 31.03.08 ൽ അഡ്വാൻസ് നൽകി | |

### 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

### 4-10 ഓഡിറ്റ് പ്രത്യവലോകനം

എ). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (രൂപ) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ (രൂപ) | |
| 3-1 | | 5,950/- | ജോഷിൻ ജോസ്, |

| | | | |
|---|---|---|---|
| | | | അസി.എഞ്ചിനീയർ,<br>എം.ജി.എൻ.ആർ.ഇ.ജി.എസ് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക(രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 1,29,416/- | ഡോ.സന്തോഷ് കുമാർ.കെ.ആർ,<br>മെഡിക്കൽ ഓഫീസർ (പി എച്ച് സി) |
| 1-16 | 87,060/- | ശ്രീമതി. രശ്മി.എസ്, സെക്രട്ടറി |
| 1-20 | 30,000/- | ശ്രീമതി. രശ്മി.എം.റ്റി, അസി.എഞ്ചിനീയർ |
| 1-21 | 11,00,000/- | ശ്രീമതി. ലിസ്സിക്കുട്ടി, ഹെഡ് മിസ്ട്രസ് |
| 1-23 | 51,46,291/- | ശ്രീമതി. രശ്മി.എസ്, സെക്രട്ടറി |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. രശ്മി.എസ്,<br>സെക്രട്ടറി | സെക്രട്ടറി,<br>കുണ്ടറ ഗ്രാമപഞ്ചായത്ത് | തുഷാര, തഴുത്തല<br>കൊട്ടിയം |
| ജോഷിൻ ജോസ്,<br>അസി.എഞ്ചിനീയർ,<br>എം.ജി.എൻ.ആർ.ഇ.ജി.എസ് | അസി.എഞ്ചിനീയർ,<br>എം.ജി.എൻ.ആർ.ഇ.<br>ജി.എസ്<br>വെട്ടിക്കവല ഗ്രാമപഞ്ചായത്ത് | ജോഷിൻ നിവാസ്,<br>കോട്ടവട്ടം, ഇളമ്പൽ |
| ശ്രീമതി. രശ്മി.എം.റ്റി<br>അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ,<br>വെട്ടിക്കവല ഗ്രാമപഞ്ചായത്ത് | വിജയമന്ദിരം,<br>വടക്കുംകര-കിഴക്ക്<br>ഉമയനല്ലൂർ |
| ഡോ.സന്തോഷ്കുമാർ.കെ.ആർ<br>മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ –<br>പി.എച്ച്.സി<br>വെട്ടിക്കവല | സന്തോഷ് സദൻ,<br>പുലമൺ.പി.ഒ<br>കോട്ടപ്പുറം |
| ശ്രീമതി. ലിസ്സിക്കുട്ടി<br>ഹെഡ്മിസ്ട്രസ്സ് | വിരമിച്ചു | തടത്തിവിള വീട്<br>അമ്പലത്തുംകാല. പി.ഒ,<br>എഴുകോൺ |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1998-99 | കെ എസ് എ . കെ എൽ എം -പി 11-405/18; 19-03-18 | 1 |
| 1999-2000 | കെ എസ് എ . കെ എൽ എം -പി 11-405/18; 19-03-18 | 2 |
| 2000-01 | കെ എസ് എ . കെ എൽ എം -പി 11-405/18; 19-03-18 | 3 |
| 2001-02 | കെ എസ് എ . കെ എൽ എം -പി 11-405/18; 19-03-18 | 4 |
| 2002-03 | കെ എസ് എ . കെ എൽ എം -പി 11-405/18; 19-03-18 | 5 |
| 2003-04 | കെ എസ് എ . കെ എൽ എം -പി 11-405/18; 19-03-18 | 9 |
| 2004-05 | കെ എസ് എ . കെ എൽ എം -പി 11-405/18; 19-03-18 | 10 |
| 2005-06 | കെ എസ് എ . കെ എൽ എം -പി 11-405/18; 19-03-18 | 18 |
| 2006-07 | കെ എസ് എ . കെ എൽ എം -പി 11-747-19; 31.05.19 | 12 |
| 2007-08 | കെ എസ് എ . കെ എൽ എം -പി 11-747-19; 31.05.19 | 13 |
| 2008-09 | കെ എസ് എ . കെ എൽ എം -പി 11-747-19; 31.05.19 | 18 |
| 2009-10 | കെ എസ് എ . കെ എൽ എം -പി 11-747-19; 31.05.19 | 16 |
| 2010-11 | കെ എസ് എ . കെ എൽ എം -പി 11-747-19; 31.05.19 | 15 |
| 2011-12 | കെ.എസ്.എ.കെ.എൽ.എം/പി-11/11-12/843/22/19-08-2022 | 12 |
| 2012-13&2013-14 | കെ.എസ്.എ.കെ.എൽ.എം/പി-11/12-13 & 13-14/843/22/19-08-2022 | 3 |
| 2014-15 | കെ.എസ്.എ/കെ.എൽ.എം/പി-11/ 14-15/843/22/19-08-2022 | 15 |
| 2015-16 | കെ.എസ്.എ/കെ.എൽ.എം/പി-11/15-16/843/22 /19-08-2022 | 18 |
| 2016-17 | കെ എസ് എ . കെ എൽ എം -പി 11-747-19; 31.05.19 | എല്ലാ ഖണ്ഡികകളും |
| 2017-18 | കെ എസ് എ . കെ എൽ എം -പി 11-747-19; 31.05.19 | എല്ലാ ഖണ്ഡികകളും |
| 2018-19 | കെ എസ് എ . കെ എൽ എം -പി 11-757/2020; 06-08-20 | എല്ലാ ഖണ്ഡികകളും |
| 2019-20 | കെ എസ് എ . കെ എൽ എം -പി 11-375-22; 20.06.22 | എല്ലാ ഖണ്ഡികകളും |
| 2020-21 | കെ എസ് എ . കെ എൽ എം -പി 11-376-22; 25-07-2022 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം , കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ വെട്ടിക്കവല ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ വെട്ടിക്കവല ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം -3

## അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്